പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5063 — 22/05/2017-ലെ മറുപടിക്ക്

**'ഇരിട്ടി താലൂക്കിൽ പടിയൂർ വില്ലേജിൽ കൈവശ ഭൂമിക്ക് പട്ടയം'**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ പടിയൂർ വില്ലേജിൽ ആര്യങ്കോട് പ്രദേശത്ത് കൈവശഭൂമിക്ക് പട്ടയം നൽകുന്നവർക്ക് ഒരു റോഡിന്റെ ഇരുവശവും കൈവശഭൂമി ഉണ്ടെങ്കിൽ ഏതെങ്കിലും ഒരു പ്ലോട്ടിനു മാത്രം പട്ടയം നൽകിയാൽ മതിയെന്ന വ്യക്തമാക്കുന്ന സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ ലഭ്യമാക്കുമോ; | (എ) | കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ പടിയൂരംശം ദേശത്ത് പടിയൂർ വില്ലേജിലെ റീ.സർവ്വെ നം.1/1 എ യിൽ പ്പെട്ടതും 100 പ്ലോട്ടുകളായി തിരിച്ചിട്ടിരുന്നതുമായ 52.64 ഏക്കർ മിച്ചഭൂമി കയ്യേറി കൈവശം വച്ച് വരുന്നവരുടെ അർഹത പരിശോധിച്ച്, ഒരു വ്യക്തി/കുടുംബത്തിന് ഒരു പ്ളോട്ട് എന്ന് നിജപ്പെടുത്തി, കേരള ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 96 പ്രകാരം പതിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ 02/12/2016 ലെ സ.ഉ.(സാധാ) നം.5193/2016/റവന്യൂ പ്രകാരം സെക്രട്ടറി, ലാൻഡ് ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വി.കെ.ഗോപാലൻ (വലിയകന്നത്ത് വീട്), സാനു (കയ്യാന്നിപ്പുറത്ത്), ഗോപി (പാറപ്പുറത്ത്), കരുണൻ (ഓലേടത്ത്), ഗോപി (പള്ളത്തുകാലായിൽ) എന്നിവരുടെ മുഴുവൻ കൈവശഭൂമിയ്ക്കും പട്ടയം നൽകുന്നതിന് എന്തു നിയമ തടസ്സമാണുള്ളതെന്നു വ്യക്കമാക്കുമോ; | (ബി) | വി.കെ.ഗോപാലൻ, സാനു (കയ്യാനിപ്പുറത്ത്), കരുണൻ (ഓലേത്ത്), എന്നിവർ ഒന്നിലധികം പ്ലോട്ടുകൾ കൈവശം വച്ച് വരുന്നു. മേൽ സർക്കാർ ഉത്തരവിൽ, ഒരു വ്യക്തി/കുടുംബത്തിന് ഒരു പ്ളോട്ട് എന്ന് നിജപ്പെടുത്തിയിട്ടുള്ളതിനാൽ മുഴുവൻ കൈവശ ഭൂമിക്കും പട്ടയം നൽകാനാവില്ല.<br>ഗോപി (പാറപ്പുറത്ത്), ഗോപി (പള്ളത്തു കാലായിൽ) എന്നിവർ കൈവശം വച്ച് വരുന്ന ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് നിയമാനുസരണ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇവരുടെ കൈവശഭൂമി എത്രയെന്നും കൈവശഭൂമിക്കു മുഴുവൻ പട്ടയം ലഭ്യമാക്കുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ? | (സി) | ഓരോരുത്തരും കൈവശം വച്ചു വരുന്ന ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>വി.കെ.ഗോപാലൻ - 0.2656 ഹെക്ടർ<br>സാനു (കയ്യാനിപ്പുറത്ത്) - 0.1297 ഹെക്ടർ<br>ഓലയടത്ത് കരുണൻ - 0.1983 ഹെക്ടർ<br>പാറപ്പുറത്ത് ഗോപി - 0.0742 ഹെക്ടർ<br>ഗോപി പള്ളത്ത് കാലായിൽ - 0.1733 ഹെക്ടർ<br>മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കക്ഷികൾക്ക് ഒരു പ്ലോട്ട് എന്ന് നിജപ്പെടുത്തി ഓഫർ ഓഫ് അസൈൻമെന്റ് അനുവദിക്കുകയും ക്രയവില ഒടുക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു, |

| | | | |
|---|---|---|---|
| | | | വി.കെ.ഗോപാലൻ ഒഴികെ മറ്റ് നാല് പേരും ക്രയവില ഒടുക്കിയതിന്റെ അടിസ്ഥാനത്തിൽ ഡീഡ് ഓഫ് അസൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ട്. വി.കെ.ഗോപാലൻ ക്രയവില ഒടുക്കുന്ന മുറയ്ക്ക് ഡീഡ് ഓഫ് അസൈൻമെന്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**കേരള സർക്കാർ**

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ പടിയൂരംശം ദേശത്ത് പടിയൂർ വില്ലേജിലെ റീ.സർവ്വെ നം.1/1 എ യിൽ പ്പെട്ട 52.64 ഏക്കർ മിച്ചഭൂമി കയ്യേറി കൈവശം വച്ച് വരുന്നവരുടെ അർഹത പരിശോധിച്ച് കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 96 പ്രകാരം പതിച്ച് നൽകുന്നതിനാവശ്യമായ നിർദ്ദേശം നൽകി ഉത്തരവാകുന്നു.

---

**റവന്യൂ (എൻ)വകുപ്പ്**

**സ.ഉ.(സാധാ.)നം.5193/2016/റവന്യൂ. തീയതി, തിരുവനന്തപുരം, 02/12/2016**

---

പരാമർശം:- 1) പടിയൂർ ഗ്രാമപഞ്ചായത്തിന്റെ 17/06/2009-ലെ 65/2009-ാം നമ്പർ പ്രമേയം.

2) ജില്ലാ കളക്ടർ, കണ്ണൂരിന്റെ 27.09.2011, 30.07.2016 എന്നീ തീയതിയിലെ ബി 7 - 23417/95 നമ്പർ കത്തുകൾ.

3) അസിറ്റന്റ് സെക്രട്ടറി, ലാൻഡ് ബോർഡിന്റെ 09/06/2016-ലെ എൽ.ബി (ബി 3)-8819/04 (3)നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ല പടിയൂർ വില്ലേജിലെ ആര്യങ്കോട് എന്ന സ്ഥലത്ത് ഇമ്മാനുവൽ.ഇ.രാമപുരം എന്നയാളിൽ നിന്നും ടി.എൽ.ബി 1873/73/ടി.പി.ബി.എ ഉത്തരവ് പ്രകാരം റീ സർവ്വെ 1/1 എ യിൽപ്പെട്ട 52.64 ഏക്കർ മിച്ചഭൂമിയായി 08.10.1980 ൽ സർക്കാർ ഏറ്റെടുത്തിരുന്നു. മിച്ചഭൂമിയായി ഏറ്റെടുത്തു എന്നല്ലാതെ ഭൂമി സർക്കാർ കൈവശത്തിൽ വന്നിരുന്നില്ല. നിലവിലെ റീ സർവ്വെ റിക്കാർഡ് പ്രകാരം 53/1, 53/2, 54 എന്നീ റീ സർവ്വെ നമ്പരുകളിലായി 18.55.27 ഹെക്ടർ സ്ഥലം, നാളിതു പുറമ്പോക്ക്, കേരള സർക്കാർ എന്ന പേരിലാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്ന സമയത്ത് 11 കയ്യേറ്റക്കാർ ഉണ്ടായിരുന്നത് ക്രമേണ വർദ്ധിച്ച് ഇപ്പോൾ മുഴുവൻ ഭൂമിയിലും കയ്യേറ്റം വ്യാപിച്ചിട്ടുണ്ട്. കയ്യേറി താമസിക്കുന്നവർക്ക് ടി ഭൂമിയുടെ രേഖകളൊന്നുമില്ല. പ്രസ്തുത ഭൂമി മുമ്പ് സർവ്വെ ചെയ്ത് തയ്യാറാക്കിയ പ്ലാൻ പ്രകാരം 100 പ്ലോട്ടുകളായി തിരിച്ചിരുന്നു. ടി പ്ലോട്ടുകളിൽ ആൾ താമസമില്ലാത്ത 2 വീട് ഉൾപ്പെടെ നിലവിൽ 73 വീടുകൾ ഉണ്ട്. വീട് ഇല്ലാതെ കയ്യേറ്റങ്ങൾ മാത്രമായും ഒന്നിലധികം പ്ലോട്ടുകൾ കൈവശം വെയ്ക്കുന്നവരും കൂട്ടത്തിലുണ്ട്. കയ്യേറി താമസിക്കുന്നവരുടെ വീടുകൾക്ക് പഞ്ചാ യത്ത് നമ്പരും, വൈദ്യുതിയും, റേഷൻ കാർഡുകളും ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനായി അന്വേഷണം നടത്തി പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ, കണ്ണൂർ റിപ്പോർട്ട് സമർപ്പിക്കുകയും; നിലവിൽ പ്ലോട്ടുകൾ കൈവശം വച്ച് വരുന്ന വ്യക്തികളുടെ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിൽ പടിയൂരംശം ദേശത്ത് പടിയൂർ വില്ലേജിലെ റീ.സർവ്വെ നം.1/1 എ യിൽ പ്പെട്ട 52.64 ഏക്കർ മിച്ചഭൂമി ഒരു വ്യക്തി / കുടുംബത്തിന് ഒരു പ്ലോട്ട് എന്ന് നിജപ്പെടുത്തി നിലവിൽ കൈവശം വച്ച് വരുന്നവരുടെ അർഹതയും അവർക്ക് മറ്റെവിടെയെങ്കിലും വീടോ, ഭൂമിയോ ഉണ്ടോ എന്ന് പരിശോധിച്ച് കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 96 പ്രകാരം അർഹരായ ഭൂരഹിതർക്ക് പതിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ലാൻഡ് ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

1) സെക്രട്ടറി, ലാൻഡ് ബോർഡ്, തിരുവനന്തപുരം.
2) ജില്ലാ കളക്ടർ, കണ്ണൂർ.
3) സെക്രട്ടറി, പടിയൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ.
4) തദ്ദേശ സ്വയം ഭരണ ( ആർ.ബി) വകുപ്പ്.
5) ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്.
6) സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**